പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി (2023-2026)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2023-2026)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ സമിതി പരിഗണിച്ച
വിഷയങ്ങൾ സംബന്ധിച്ച്]

117/2025.

# ഉള്ളടക്കം

*പേജ്*


| | | | |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I : | സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട നിവേദനങ്ങളും അവയുടെ വിശദാംശങ്ങളും | .. | 5 |
| അനുബന്ധം II : | 2022-23-ൽ നടപടി അവസാനിപ്പിച്ച ഫയലുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 29 |
| അനുബന്ധം III : | 2023 ഡിസംബർ 31-നകം സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ തീർപ്പാകാത്ത നിവേദനങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 35 |

# പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി
# (2023-2026)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ഇ. കെ. വിജയൻ.

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

## ആമുഖം

2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്. റിപ്പോർട്ട് കാലയളവിൽ സമിതിക്ക് ലഭിച്ച നിവേദനങ്ങൾ, നിവേദനങ്ങളിന്മേൽ ലഭിച്ച സർക്കാർ റിപ്പോർട്ടുകൾ സംബന്ധിച്ച സമിതിയുടെ തീരുമാനങ്ങൾ, സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ, നടപടി അവസാനിപ്പിച്ച ഫയലുകൾ, അന്തിമ മറുപടി ലഭിക്കാത്തതിനാൽ തീർപ്പാക്കാൻ കഴിയാത്ത ഫയലുകൾ, സമിതി വിഭാഗവുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ കാര്യക്ഷമമായ ഇടപെടൽ മൂലം അനുകൂല തീരുമാനമുണ്ടായ പ്രധാന നിവേദനങ്ങളുടെ വിശദാംശം അനുബന്ധം-I ആയും 2022-23-ൽ നടപടി അവസാനിപ്പിച്ച ഫയലുകൾ സംബന്ധിച്ച വിശദാംശം അനുബന്ധം-II ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ യഥാസമയം തീർപ്പാക്കാൻ കഴിയാത്ത സമിതിയുടെ ശിപാർശകൾ അടങ്ങിയ റിപ്പോർട്ടുകൾ, നിവേദനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം-III ആയും ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

2024 ജൂലൈ മാസം 2-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ഇ. കെ. വിജയൻ,**

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 8.

# റിപ്പോർട്ട്

പ്രകൃതിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗൗരവപൂർണ്ണമായ നിരവധി ചർച്ചകൾക്കും നിയമനിർമ്മാണങ്ങൾക്കും കേരള നിയമസഭ വേദിയായിട്ടുണ്ട്. സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 1992 ജൂലൈ മാസം 27-ാം തീയതി പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകൃതമായത്. വികസനം, സാമ്പത്തിക വളർച്ച, സാമൂഹിക നീതിയും ക്ഷേമവും എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം പ്രകൃതിയെ സംരക്ഷിക്കാൻ പര്യാപ്തമായ ഇടപെടലുകൾ കൂടി നിയമനിർമ്മാണസഭയുടെ ഭാഗത്ത് നിന്നുണ്ടാകണം എന്ന കാഴ്ചപ്പാടായിരുന്നു ഇതിന്റെ അടിസ്ഥാനം. വിവിധതരം മലിനീകരണം മൂലമുണ്ടാകുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥയുടെ സ്വഭാവം, അളവ്, വ്യാപ്തി, അപ്രകാരമുള്ള മലിനീകരണത്തിന്റെ പരിണിതഫലം എന്നിവ പരിശോധിക്കുകയും മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നിവയാണ് സമിതിയിൽ നിക്ഷിപ്തമായ ശ്രദ്ധേയമായ കർത്തവ്യങ്ങൾ. സമിതിയുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിന്മേൽ നിവേദനങ്ങൾ സ്വീകരിക്കുകയും, നിവേദനങ്ങളിന്മേൽ ലഭ്യമാകുന്ന സർക്കാർ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനായി യോഗങ്ങൾ ചേരുകയും ആവശ്യമെങ്കിൽ അധിക വിവരവും വിശദീകരണവും ആരായുകയും ഗൗരവമുള്ള വിഷയങ്ങളിന്മേൽ സന്ദർശനങ്ങളും തെളിവെടുപ്പുകളും നടത്തുകയും സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

2. 2012 ഒക്ടോബർ 1-ന് നിലവിൽ വന്ന സമിതിയുടെ ആഭ്യന്തര പ്രവർത്തനചട്ടങ്ങൾക്കനുസൃതമായാണ് സമിതിയുടെ നടപടിക്രമങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളെ പ്രശ്നപരിഹാരത്തിനായി സമീപിച്ചിട്ടും നടപടി ഉണ്ടാകാതെവരുന്ന സാഹചര്യത്തിൽ അവസാനത്തെ ആശ്രയം എന്ന നിലയിലാണ് വ്യക്തികളും സംഘടനകളും സമിതിയെ സമീപിക്കുന്നത്. അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങളിൽ അധികാര സ്ഥാനങ്ങളിൽ പരാതിപ്പെട്ടില്ലെങ്കിൽപോലും സമിതിക്ക് ലഭിക്കുന്ന നിവേദനങ്ങളിന്മേൽ നടപടി സ്വീകരിക്കാറുണ്ട്. അടിയന്തര റിപ്പോർട്ടിനായി സർക്കാരിലേക്ക് അയച്ചുകൊടുക്കുന്ന നിവേദനങ്ങളിന്മേൽ ലഭിക്കുന്ന റിപ്പോർട്ട് സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരം ആവശ്യപ്പെടുകയും ചെയ്യുന്നു. കൂടുതൽ വിശദീകരണം ആവശ്യമായ കാര്യങ്ങളിലും നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം വരുത്തുന്ന സംഗതികളിലും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ വിളിച്ചുവരുത്തി സമിതി തെളിവെടുപ്പ് നടത്തുന്നു.

3. നിവേദനങ്ങളിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി വിവരം അറിയിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ വേണ്ടത്ര ശ്രുഷ്കാന്തി കാണിക്കുന്നില്ല എന്ന വിവരം എല്ലാ ജനറൽ റിപ്പോർട്ടുകളിലും സമിതി ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും വകുപ്പുകളിൽ നിന്നുള്ള സമീപനത്തിൽ മാറ്റമില്ല എന്നത് സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമാകുന്നുണ്ട്.

4. പതിനഞ്ചാം കേരളനിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-2023)യുടെ കാലാവധി 2023 ഡിസംബർ 13-ാം തീയതി അവസാനിക്കുകയും പതിനഞ്ചാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2023-2026) 2023 ഡിസംബർ 14-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 447 പ്രകാരം രൂപീകൃതമാകുകയും ചെയ്തു. സമിതി (2021-2023) 2022 വർഷത്തിൽ 21 യോഗങ്ങളും ഒരു തെളിവെടുപ്പുയോഗവും 25-2-2022-ന് എറണാകുളം ജില്ലാ സന്ദർശനവും തെളിവെടുപ്പും 31-3-2022-ന് കോട്ടയം ജില്ലാ സന്ദർശനവും തെളിവെടുപ്പും 22-6-2022-ന് കൊല്ലം ജില്ലാ സന്ദർശനവും തെളിവെടുപ്പും, അഖിലേന്ത്യാ പഠനപര്യടനത്തിന്റെ ഭാഗമായി 17-9-2022 മുതൽ 24.09.2022 വരെ മഹാരാഷ്ട്ര, രാജസ്ഥാൻ, ഛത്തീസ്ഗഢ്, ഡൽഹി എന്നിവിടങ്ങളിൽ സന്ദർശനവും, 25.10.2022-ന് കാസർഗോഡ് സന്ദർശനവും തെളിവെടുപ്പും 23-11-2022-ന് കോട്ടയം എരുമേലി സന്ദർശനവും തെളിവെടുപ്പും നടത്തുകയുണ്ടായി. 2023 വർഷത്തിൽ 26 യോഗങ്ങളും 11-5-2023-ന് കോഴിക്കോട് സന്ദർശനവും തെളിവെടുപ്പും 4-10-2023, 5-10-2023 എന്നീ തീയതികളിൽ ഇടുക്കി, മൂന്നാർ സന്ദർശനവും തെളിവെടുപ്പും നടത്തുകയുണ്ടായി. സമിതി (2023-26) 2023-ൽ ഒരു യോഗം ചേരുകയുണ്ടായി.

5. പരിസ്ഥിതി സംബന്ധിച്ച സമിതി 2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള പ്രവർത്തന കാലയളവിൽ എട്ട് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് നമ്പർ | വിഷയം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 3 | സമിതി (2016-19)യുടെ പത്താമത് റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനുള്ള പാഠ്യ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) | 18-3-2022 |
| 2 | 4 | സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് | 18-3-2022 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 5 | സമിതി (2021-23) ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച് | 15-7-2022 |
| 4 | 6 | സമിതി (2016-19)യുടെ അഞ്ചാമത് റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (ഭാരതപ്പുഴയുടെ മലിനീകരണവും സംരക്ഷണവും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) | 15-7-2022 |
| 5 | 7 | സമിതി (2016-19)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (വെള്ളായണിക്കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) | 17-3-2023 |
| 6 | 8 | അഷ്ടമുടിക്കായലിലെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 17-3-2023 |
| 7 | 9 | സമിതി (2016-19)യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്റെ ആക്ഷൻടേക്കൺ റിപ്പോർട്ട് (ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) | 17-3-2023 |
| 8 | 10 | സംസ്ഥാനത്തെ നദികളുടെയും പുഴകളുടെയും സംരക്ഷണവും പരിപാലനവും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്). | 14-9-2023 |

6. പരിസ്ഥിതി നശീകരണത്തിനെതിരെ പൊതുജനങ്ങളോ സംഘടനകളോ നൽകുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ യഥാസമയം മറുപടി നൽകാതിരിക്കുന്നതോ മറുപടികൾ തൃപ്തികരമല്ലാത്തതോ ആയ കാരണങ്ങളാൽ നിവേദനങ്ങളിൽ തീർപ്പ് ഉണ്ടാക്കുവാൻ വളരെയധികം കാലതാമസം ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടാകുന്ന അനാസ്ഥ സമിതി ഗൗരവമായി കണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമസഭാ ചട്ടപ്രകാരം സർക്കാർ വകുപ്പിനോട് വിശദീകരണം ആവശ്യപ്പെട്ടാൽ പരമാവധി 30 ദിവസത്തിനുള്ളിൽ സമിതിക്ക് മറുപടി നൽകേണ്ടതാണ്. മറുപടി നൽകാൻ വർഷങ്ങളെടുക്കുന്നത് നീതീകരിക്കാനാവില്ലെന്നത് സർക്കാർ വകുപ്പുകളെ സമിതിക്ക് ഓർമ്മിപ്പിക്കേണ്ടി വന്നിട്ടുണ്ട്. നിവേദനങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ കാണണമെന്നും

നിവേദനങ്ങളിന്മേൽ സ്വീകരിച്ച വകുപ്പുതല നടപടികൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും സമിതി ആവശ്യപ്പെടുന്ന അധികവിവരങ്ങളും സമിതിയുടെ പ്രവർത്തന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

7. സമിതിക്ക് ലഭ്യമാക്കുന്ന ഗവൺമെന്റ് റിപ്പോർട്ടുകൾ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും വ്യക്തമായി ചേർത്തിരിക്കണമെന്നും സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള മറുപടികൾ ക്രമനമ്പർ, ശിപാർശ നമ്പർ, ശിപാർശ, സ്വീകരിച്ച നടപടി എന്നിവ അടങ്ങുന്ന വിശദമായ റിപ്പോർട്ട് സ്റ്റേറ്റ്മെന്റ് രൂപത്തിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

8) സമിതിയുടെ ഇടപെടൽമൂലം നിരവധി നിവേദനങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. സമിതിയുടെ കാര്യക്ഷമമായ ഇടപെടൽമൂലം അനുകൂല തീരുമാനമുണ്ടായ പ്രധാന നിവേദനങ്ങളുടെ വിശദാംശം അനുബന്ധം-I ആയും, 2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ സമിതി വിഭാഗത്തിൽ കൈകാര്യം ചെയ്തിരുന്നതും നടപടി അവസാനിപ്പിച്ചതുമായ ഫയലുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം-II ആയും 2023 ഡിസംബർ 31-നകം സർക്കാരിൽ നിന്നും അന്തിമമറുപടി ലഭ്യമാക്കാത്തതിനാൽ തീർപ്പാക്കാത്ത നിവേദനങ്ങളും സമിതി റിപ്പോർട്ടുകളും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം-III ആയും ചേർത്തിരിക്കുന്നു.

**ഇ. കെ. വിജയൻ,**

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
8-7-2024.

അനുബന്ധം I

## സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ട നിവേദനങ്ങളും അവയുടെ വിശദാംശങ്ങളും

**1. കുന്നംപള്ളിക്കോണം കുളം വൃത്തിയാക്കി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബിജുകുമാർ ജി. തിരുവനന്തപുരം സമർപ്പിച്ച നിവേദനം സംബന്ധിച്ച്**

(ഫയൽ നം. 429/പരി.3/2015/നി.സെ.)

നിവേദനത്തിന്മേൽ പരിസ്ഥിതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി വിശദമായി പരിശോധിക്കുകയും നിവേദന വിഷയത്തിന്മേൽ അനുകൂലമായ നടപടി സ്വീകരിക്കുന്നതിലേക്ക് അധികവിവരം ആരായുകയും ചെയ്തു. സമിതി നിർദ്ദേശപ്രകാരം പ്രസ്തുത കുളം വൃത്തിയാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചതിന്റെ വെളിച്ചത്തിൽ ഫയൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിച്ചു. ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ, സമിതി നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

### പരിസ്ഥിതി വകുപ്പ്

Urban Environmental Improvement Projects (UEIP)യിൽ ഉൾപ്പെടുത്തി പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ് Kerala Irrigation Infrastructure Development (KIIDC) മുഖേന കുളങ്ങൾ നവീകരിക്കുന്ന പ്രവൃത്തികൾ നടത്തി വന്നിരുന്നുവെങ്കിലും ആയത് 2016-17 ഓടു കൂടി അവസാനിപ്പിക്കുകയുണ്ടായി എന്നും, 2013-14 മുതൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 52 കുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് നൽകുവാനായെന്നും എന്നാൽ നിലവിൽ പദ്ധതികൾ ഇല്ലാത്തതിനാൽ നിവേദനത്തിൽ പരാമർശിക്കുന്ന കുന്നംപള്ളിക്കോണം കുളം നവീകരണം നടത്തുന്നതിന് പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിന് കഴിയില്ലാ എന്നും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഹരിതകേരള പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുമോയെന്ന് തദ്ദേശസ്വയംഭരണം, പരിസ്ഥിതി വകുപ്പുകളോട് ആരായുകയും ചെയ്തു.

### തദ്ദേശസ്വയംഭരണ വകുപ്പ്

തിരുവനന്തപുരം നഗരസഭയുടെ ശ്രീകാര്യം, സോണൽ ഓഫീസ് പരിധിയിലാണ് കുന്നംപള്ളിക്കോണം കുളം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത കുളം മാലിന്യം നിറഞ്ഞ്

ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയിൽ ആയതിനാൽ കുളം ഉപയോഗയോഗ്യമാക്കുന്നതിനായി കുളം വൃത്തിയാക്കി സൈഡ് വാൾ കെട്ടുന്നതിന് 23,25,000 (ഇരുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപയുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് 2019-2020-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നിയമസഭാ സമിതിയുടെ നിർദേശമുള്ളതിനാൽ ടി വർക്കിനുള്ള ഭരണാനുമതിക്കായി നഗരസഭാ കൗൺസിൽ മുൻപാകെ അജണ്ട സമർപ്പിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പരിസ്ഥിതി വകുപ്പ് (അധിക വിവരം)

കുന്നംപള്ളിക്കോണം കുളം നവീകരണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പിന്റെ പരിധിയിൽ വരുന്നതും പരിസ്ഥിതി വകുപ്പിൽ നിന്നും നടപടി സ്വീകരിക്കാനില്ലാത്തതുമാണ്. കുളം നവീകരിച്ച് നിലനിർത്തുന്നതിനായി, സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായും പ്രസ്തുത പ്രവൃത്തിക്ക് മുന്തിയ പരിഗണനയാണ് നൽകുന്നതെന്നും മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് സമിതി അംഗീകരിക്കുകയും കുളം നവീകരിച്ച് നിലനിറുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

## തദ്ദേശസ്വയംഭരണ വകുപ്പ് (അധിക വിവരം)

കുന്നംപള്ളിക്കോണം കുളം (കാട്ടിൽ കുളം) നവീകരണം എന്ന പ്രവൃത്തി രണ്ട് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കിയത്.

Pro no.606/20 - ചെലവഴിച്ച തുക : 26,42,895

Pro no. 425/20 - ചെലവഴിച്ച തുക : 41,81,964

രണ്ടു പ്രോജക്ടുകളിലായി മേല്പറഞ്ഞ തുകകൾ ചെലവഴിച്ച് കുളത്തിന്റെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട് എന്നും എന്നാൽ മെയിൻ റോഡിൽ നിന്നും കുളത്തിലേയ്ക്കു വരുന്ന 1.2 മീറ്റർ വീതിയുള്ള ഒരു റോഡ് കഴിഞ്ഞ മഴക്കാലത്ത് ഇടിഞ്ഞു താഴ്ന്നതിനാൽ ആ വശത്ത് പുതിയ റോഡ് നിർമ്മിക്കുകയും അതിനോടൊപ്പം റീട്ടെയിനിങ്ങ് വാൾ ഉയർത്തുകയും വേണമെന്നും ആയതിന് 20,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട് എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

2-8-2022-ലെ സമിതിയോഗം റിപ്പോർട്ട് അംഗീകരിച്ചു.

**2. എടയാറ്റുചാൽ പാടശേഖരം തരിശ്ശിടുന്നതും പ്രസ്തുത പാടശേഖരം വിഷലിപ്തമാക്കുന്നതും സംബന്ധിച്ച് ശ്രീ. കെ. സി. നൗഷാദ് സമർപ്പിച്ച നിവേദനം സംബന്ധിച്ച്**

(ഫയൽ നം. 2274/പരി.3/2008/നി.സെ.)

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 325 ഏക്കറോളം വരുന്ന 'എടയാറ്റുചാൽ' പാടശേഖരം മുൻപ് പൂർണ്ണമായി കൃഷി ചെയ്തിരുന്ന സ്ഥലമായിരുന്നുവെന്നും എന്നാൽ എടയാറിലെ സ്വകാര്യ കമ്പനിയായ ബിനാനി സിങ്ക് ലിമിറ്റഡ് ഈ പാടശേഖരത്തിന്റെ മൂന്നിലൊരു ഭാഗം ക്വാർട്ടേഴ്സുകൾ പണിയുവാൻ എന്ന വ്യാജേന കൈവശമാക്കി തരിശാക്കി ഇട്ടിരിക്കുകയാണെന്നും പ്രസ്തുത പ്രദേശം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് നിവേദനത്തിലെ ആവശ്യം.

നിവേദനം റിപ്പോർട്ടിനായി പരിസ്ഥിതി, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്കയച്ചു കൊടുത്തു. വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 3 തവണ തെളിവെടുപ്പ് നടത്തുകയും അധികവിവരങ്ങൾ ആരായുകയും ചെയ്തിരുന്നു. സമിതി വളരെ ഗൗരവമായി പരിഗണിച്ച ഈ വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും നിവേദനത്തിൽ പരാമർശിക്കുന്ന പാടശേഖരം കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്തു. 2021-22 വർഷത്തിൽ പ്രസ്തുത പ്രദേശത്തെ 229 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചതിനെ തുടർന്ന് ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു. റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പരിസ്ഥിതി വകുപ്പ്

ഏലൂർ എടയാർ മേഖലയിലെ മലിനീകരണ പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി (SCMC) ഈ പ്രദേശങ്ങളിൽ സന്ദർശനം നടത്തി നൽകിയ നിർദ്ദേശങ്ങൾ പ്രകാരം പരിസ്ഥിതി പ്രവർത്തകരും സ്ഥലത്തെ പ്രമുഖരും മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് (Local Area Monitoring Committee) വിശദമായ പഠനവും പരിശോധനയും നടത്തുകയും മലിനീകരണ നിവാരണത്തിനായി ഈ മേഖലയിലെ ഓരോ ഫാക്ടറിക്കും ആവശ്യമായ

നിർദ്ദേശങ്ങൾ നൽകി നടപ്പിൽ വരുത്തിയിട്ടുള്ളതായും ആയതു ഫലപ്രദമായി മുമ്പോട്ടുകൊണ്ടു പോകാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻവയൺമെന്റൽ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എൻവയൺമെന്റൽ സർവൈലൻസ് സെന്റർ 2006 ജനുവരിയിൽ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതായി മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തന ഫലമായി ഈ മേഖലയിലെ എല്ലാ ഫാക്ടറികളിലും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന പാഴ്ജലം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ബോർഡ് പരിശോധനകൾ നടത്തി ഉറപ്പ് വരുത്തുന്നു. ആയതിനാൽ ടി പാടശേഖരത്തിൽ ഫാക്ടറികളിൽ നിന്നുള്ള മലിനജലവും, ആസിഡുകളും, മാരകമായ വിഷപദാർത്ഥങ്ങളും വന്നു ചേർന്നു എന്ന പരാതി അടിസ്ഥാനരഹിതമാണ് എന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മുമ്പ് ബിനാനി സിങ്കിൽ നിന്നുള്ള മലിനീകരണം നിമിത്തം അടുത്തുള്ള കിണറുകൾ മലിനപ്പെട്ടു എന്ന പരാതിയെത്തുടർന്ന് ടി ഫാക്ടറിയുടെ ചുറ്റുപാടുമുള്ള വീടുകളിൽ കമ്പനി ശുദ്ധജല വിതരണം 2000-മാണ്ട് മുതൽ നടത്തി വരുന്നു, ഈയിടെ ശുദ്ധജല വിതരണ ശൃംഖല വിപുലീകരിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ നടപടികൾ കൂടാതെ LAEC യുടെ കാലാവധി കഴിഞ്ഞപ്പോൾ എറണാകുളം ജില്ലയിലെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് പ്രൊഫസറായ ഡോ. ജി. മധുവിന്റെ നേതൃത്വത്തിൽ വിദഗ്ധന്മാരടങ്ങുന്ന എറണാകുളം ജില്ല പരിസ്ഥിതി സമിതി രൂപീകരിച്ചു. ഈ സമിതി ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. ഈ സമിതിയിൽ ഏലൂർ, കടുങ്ങല്ലൂർ പഞ്ചായത്തുകളുടെ പ്രതിനിധികളും, എടയാർ ചെറുകിട വ്യവസായ അസ്സോസിയേഷന്റെ പ്രതിനിധികളും മലിനീകരണ നിയന്ത്രണ ബോർഡുദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും അംഗങ്ങളാണ്.

സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി ഹാനികരമായ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി കണ്ടെത്തിയ എറണാകുളത്തെ കുഴിക്കണ്ടം തോടിന്റെ പുനരുദ്ധാരണത്തിനു വേണ്ടി മലിനീകരണ നിയന്ത്രണ ബോർഡ് നടപടിയെടുത്തു വരുന്നു. കുഴിക്കണ്ടം തോടിന്റെ പുനഃരുജ്ജീവനത്തിനായി ഒരു പദ്ധതി ജർമ്മൻ സാങ്കേതിക സഹായ ഏജൻസിയുടെ സഹായത്തോടെ തയ്യാറാക്കി സാമ്പത്തിക സഹായത്തിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് വഴി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. മന്ത്രാലയം അത് ലോക ബാങ്കിന്റെ സഹായത്തിനായി സമർപ്പിക്കുന്നതാണെന്നു മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സഹായം

ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ് എന്നും ഈ പദ്ധതിയിൽ സമീപ പ്രദേശങ്ങളായ എടയാറ്റുചാൽ, ചക്കരചാൽ എന്നിവ കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതായും ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാവുന്നതോടെ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ മിക്കവാറും പരിഹരിക്കപ്പെടും എന്ന് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പാടശേഖരങ്ങളിൽ മഴക്കാലത്തു വന്നു ചേരുന്ന വെള്ളം യഥാസമയം വറ്റിച്ചു കളയുക, ഇപ്രകാരമുള്ള പാടശേഖരം കുടുംബശ്രീ പ്രവർത്തകർക്കോ മറ്റു കൃഷിക്കാർക്കോ കൃഷി ചെയ്യാൻ അനുവദിച്ചുനൽകുക എന്നീ ആവശ്യങ്ങൾ ഈ വകുപ്പുമായി ബന്ധപ്പെട്ടതല്ലായെന്നും അറിയിക്കുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ്

എടയാറ്റുചാൽ പാടശേഖരത്തിന്റെ തെക്കുവശം ചെറുതും വലുതുമായ ധാരാളം ചെറുകിട വ്യവസായങ്ങൾ ഉണ്ട്. ഇതിൽ നിന്നുള്ള മാലിന്യങ്ങൾ ഉൾപ്പെടുന്ന ജലം പാടശേഖരത്തിലേയ്ക്ക് എത്തുന്നുണ്ടെന്ന് അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. നേരത്തെ ഇരുപ്പു കൃഷി ചെയ്തിരുന്ന ഈ കൃഷിയിടങ്ങളിൽ കഴിഞ്ഞ 7 വർഷമായി കൃഷിചെയ്യുന്നില്ലെന്ന് വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡന്റും അറിയിച്ചിട്ടുണ്ട്. കുത്തുതോട് എന്ന സ്ഥലത്ത് പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള 50 എച്ച്.പി. മോട്ടോർ ഉപയോഗിച്ച് കഴിഞ്ഞവർഷവും വെള്ളം വറ്റിച്ചിരുന്നതായി പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. ഈ പമ്പ് ഹൗസ് പ്രവർത്തിപ്പിക്കുന്നത് ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള ജീവനക്കാരാണ്.

ഏതാനും വർഷം മുമ്പ് ബിനാനി സിങ്ക് ലിമിറ്റഡ് എന്ന കമ്പനി കർഷകരിൽ നിന്ന് ഏകദേശം 40 ഏക്കർ സ്ഥലം വിലയ്ക്ക് വാങ്ങിയതായി അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. അതുപോലെ തന്നെ മറ്റ് സ്വകാര്യ വ്യക്തികളും കർഷകരിൽ നിന്ന് നിലം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. വിലയ്ക്ക് വാങ്ങിയവരും മുമ്പ് കൃഷി ചെയ്തിരുന്ന കർഷകരും ഇപ്പോൾ കൃഷി ചെയ്യുന്നില്ല എന്നത് ഒരു വസ്തുതയാണ്.

ബിനാനി സിങ്ക് ലിമിറ്റഡ് എന്ന വ്യവസായ ശാലയിൽ നിന്നാണ് പ്രധാനമായും മലിനീകരണം ഉണ്ടാകുന്നതെന്ന് പരാതിക്കാരൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണസമയത്ത് അറിയിക്കുകയുണ്ടായി. സ്ഥലം സന്ദർശിച്ചതിൽ പാടശേഖരത്തിന്റെ സമീപത്ത് കെട്ടിക്കിടക്കുന്ന വെള്ളത്തിന് ചുവപ്പ് കലർന്ന നിറം ഉള്ളതായി കാണുകയുണ്ടായി. ഇത് ബിനാനി സിങ്ക് കമ്പനിയിൽ നിന്ന് അരിച്ചിറങ്ങുന്ന വെള്ളമാണെന്ന് പരാതിക്കാരൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കമ്പനി അധികൃതരുമായും ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടർ സംസാരിക്കുകയുണ്ടായി.

തങ്ങളുടെ കമ്പനിയിൽ നിന്ന് വിടുന്ന മലിനജലം മൂലം പാടശേഖരത്തിലെ വെള്ളം വിഷലിപ്തമാകുന്നില്ലെന്നും, കമ്പനിയിൽ നിന്ന് ഉല്പാദനം കഴിഞ്ഞ് അവശേഷിക്കുന്ന വേയ്സ്റ്റ് ശുദ്ധീകരിക്കുന്നതിന് "Secured Land Fill" സ്ഥാപിച്ചിട്ടുണ്ടെന്നും ബിനാനി സിങ്ക് കമ്പനി അധികൃതർ അറിയിച്ചു. കൂടാതെ United States Environmental Protection Agency (USEPA)യുടെ സ്പെസിഫിക്കേഷൻ അനുസരിച്ച് ഇന്ന് ലഭിയ്ക്കാവുന്നതിൽ ഏറ്റവും സയന്റിഫിക് ആയ ടെക്നോളജി പ്രകാരം 22 കോടി രൂപ മുതൽ മുടക്കിയാണ് "Secured Land Fill" സ്ഥാപിച്ചിട്ടുള്ളത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ "Consent" ഉം ലഭിച്ചിട്ടുണ്ട് എന്നും അവർ ഇപ്പോഴും ക്രമമായി മോണിറ്ററിംഗ് നടത്തുന്നുണ്ട് എന്നും കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്. മാത്രമല്ല കമ്പനിയിൽ നിന്ന് ജലമലിനീകരണം ഉണ്ടാകുന്നില്ലെന്ന ഹൈദരാബാദിലെ നാഷണൽ ജിയോഗ്രാഫിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2005-ലെ റിപ്പോർട്ടും കമ്പനി ഹാജരാക്കുകയുണ്ടായി. എന്നാൽ കമ്പനിയുടെ പ്രവർത്തനത്തിന്റെ ആദ്യകാലങ്ങളിൽ ശാസ്ത്രീയമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഇല്ലായിരുന്ന വെന്നും, വെയ്സ്റ്റുകൾ കമ്പനി കോമ്പൗണ്ടിൽ തന്നെ കുഴിച്ചു മൂടുകയായിരുന്നുവെന്നും അതിൽ നിന്നാണ് ഇപ്പോൾ ജലമലിനീകരണം നടക്കുന്നതെന്ന് ചില പരിസരവാസികൾ അറിയിക്കുകയുണ്ടായി. ഇത് ശരിയാകാൻ സാധ്യതയുണ്ട്.

പരാതിക്കാരൻ പറയുന്നതുപോലെ നിറഞ്ഞ് നില്ക്കുന്ന ജലം വറ്റിച്ചതുകൊണ്ടുമാത്രം കൃഷിചെയ്യാൻ ആരും മുന്നോട്ട് വരില്ലയെന്നും കൃഷി ചെയ്യുന്നതിന് തൊഴിലാളികളെ കിട്ടാനില്ലാത്തതും, കൃഷിനാശം സംഭവിക്കുമ്പോൾ ന്യായമായ നഷ്ടപരിഹാരം ലഭിയ്ക്കാത്തതും കൃഷിഭൂമിയിൽ ഭൂരിഭാഗവും യഥാർത്ഥ കർഷകരല്ലാത്തവരുടെ കൈവശം വന്ന് ചേർന്നതുംമൂലമാണ് ആരും കൃഷിചെയ്യാത്തതെന്ന് വാർഡ് മെമ്പറുമായി സംസാരിച്ചതിൽ നിന്നും അറിയുവാൻ സാധിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ടി സ്ഥലം കൃഷിയുക്തമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1. വിവിധ കമ്പനികളുടെ അരികിൽക്കൂടിയുള്ള ചെറുചാലുകളിൽക്കൂടി മലിനജലം ഒഴുകി പാടശേഖരത്തിൽ എത്തിയാണ് ജലം മലിനമാകുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് പോലെയുള്ള അധികൃതരുടെ സേവനം ഉപയോഗിച്ച് മലിനീകരണം തടയണം.

2. പാടശേഖരത്തിൽ ഉണ്ടായിരുന്ന തോടുകൾ പഞ്ചായത്തിൽ നിന്ന് ശുദ്ധീകരിക്കണം. ഇതിന് തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

3. കൃഷിയോഗ്യമായ പാടശേഖരത്തിൽ കൃഷി ചെയ്യാൻ വിമുഖത പ്രകടിപ്പിക്കുന്ന വരുടെ കൃഷിയിടങ്ങളിൽ കൃഷി നടത്തുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തണം. അതുപോലെ തന്നെ ട്രാക്ടർ, ടില്ലർ, കൊയ്ത്ത്/ മെതിയന്ത്രങ്ങൾ തുടങ്ങിയവ വാങ്ങി കുടുംബശ്രീയുടെ ചുമതലയിൽ ഏൽപ്പിക്കണം.

മേൽ നിർദ്ദേശങ്ങൾ അനന്തര നടപടികൾക്കായി മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി, ഗ്രാമവികസന കമ്മീഷണർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്ന് അറിയിക്കുന്നു.

പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ റിപ്പോർട്ട് പരിഗണിച്ച സമിതി മേൽ ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് ആരായുകയും അവിടെ കൃഷിയിറക്കുവാൻ കഴിയുമോയെന്നും ടി സ്ഥലം കൃഷിക്കുപയുക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി, ഗ്രാമവികസന കമ്മീഷണർ, കുടുംബശ്രീ എന്നിവർക്ക് അയച്ചുകൊടുത്തതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് ആരായുകയും ചെയ്തു.

## കൃഷി (ഐ.എഫ്.എ.) വകുപ്പ്

ശ്രീ. കെ. സി. നൗഷാദ് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥർ വില്ലേജ് രേഖകളും സ്ഥലവും പരിശോധിച്ചു. എടയാറ്റുചാലിലെ പാടശേഖരത്തിലെ 18.4 ആർ സ്ഥലം ഇൻഡ്യൻ ബിനാനി സിങ്ക് ലിമിറ്റഡിന്റെ കൈവശമാണ്. ഫാക്ടറി പ്രദേശങ്ങളിൽ നിന്ന് പല മാരകമായ വിഷപദാർത്ഥങ്ങളും വന്നു ചേരുന്നു എന്ന് കാണിച്ച് പ്രസ്തുത സ്ഥലത്തെ പരിസ്ഥിതി പ്രവർത്തകർ പരാതി അയച്ചതിന്റെ അടിസ്ഥാനത്തിൽ സോയിൽ സർവ്വെ ഡിപ്പാർട്ട്മെന്റ് (പെരുമ്പാവൂർ) മണ്ണ് സാമ്പിളുകൾ പരിശോധനയ്ക്ക് കൊണ്ടു പോയിട്ടുള്ളതാകുന്നു. 2005-2006 കാലഘട്ടത്തിൽ ഏകദേശം 20 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. എന്നാൽ 4 ഏക്കറോളം സ്ഥലത്തെ കൃഷി വ്യവസായ ശാലകളിൽ നിന്നും മലിനജലം ഒഴുകി വന്ന് നശിച്ചു പോയതിനാൽ അതിനു ശേഷം ആ പ്രദേശത്ത് കൃഷി ചെയ്യുവാൻ ആരും തയ്യാറാകുന്നില്ല.

പരാതിക്കാരന്റെ നിർദ്ദേശങ്ങളായ (1) നിറഞ്ഞുനിൽക്കുന്ന ജലം മഴക്കാലം കഴിയുന്നതോടെ വറ്റിക്കുക (2) കൃഷി യോഗ്യമായ പാടശേഖരം പ്രവർത്തകർക്കോ മറ്റ് കൃഷിക്കാർക്കോ അനുവദിച്ചു നൽകുക എന്നിവ പഞ്ചായത്ത് ഭരണസമിതിയെ അറിയിച്ച് വേണ്ട നടപടി സ്വീകരിക്കുവാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകുവാനായി ആരോഗ്യകുടുംബക്ഷേമവകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും അറിയിച്ചു കൊള്ളുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ് (അധിക വിവരം)

എറണാകുളം ജില്ലയിൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 17, 18, 19 വാർഡുകളിൽ ഉൾപ്പെടുന്ന പ്രദേശമായ എടയാറ്റുചാൽ, ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നിയന്ത്രണത്തിലുള്ള എടയാർ വ്യവസായശാലയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തിനു സമീപത്തായി വർഷങ്ങളായി പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനമായ ബിനാനി സിങ്ക് ലിമിറ്റഡിൽ നിന്നുള്ള മാലിന്യങ്ങളും ഇതര വ്യവസായശാലകളിലെ മാലിന്യങ്ങളും പ്രദേശത്തെ മലിനീകരണത്തിന് കാരണമാകുന്നുണ്ട്. ബിനാനി സിങ്ക് ലിമിറ്റഡിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ആയത് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. 19-3-2019-ൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തതായും 113.34 മെട്രിക് ടൺ മാലിന്യങ്ങൾ ഇതിനോടകം നീക്കം ചെയ്തിട്ടുള്ളതായും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എടയാർ വ്യവസായ മേഖലയിലെ മാലിന്യങ്ങൾ മഴ വെള്ളത്തിലും മറ്റും കലർന്ന് പാടശേഖരത്തിൽ എത്തിച്ചേരുന്നതിനുള്ള സാധ്യതയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മാലിന്യത്തിന്റെ തോതും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എടയാറ്റുചാലിൽ കൃഷി ചെയ്യുകയും മെച്ചപ്പെട്ട വിളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ സ്ഥലം തരിശായിക്കിടക്കുന്ന അവസ്ഥയിലാണ്.

റിപ്പോർട്ട് സമിതി പരിഗണിക്കുകയും 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ചെയ്തിരുന്ന എടയാറ്റുചാൽ പാടശേഖരം നിലവിൽ തരിശായി ഇട്ടിരിക്കാനുള്ള കാരണം തദ്ദേശസ്വയംഭരണ വകുപ്പിനോട് ആരായുകയും ചെയ്തു.

## തദ്ദേശസ്വയംഭരണ വകുപ്പ് (അധിക വിവരം)

എടയാറ്റുചാൽ പാടശേഖരം തരിശിടുന്നതും വിഷലിപ്തമാക്കുന്നതും സംബന്ധിച്ച് നിവേദനത്തിന്മേലുള്ള റിപ്പോർട്ട് 1-10-2019-ൽ സമിതി മുൻപാകെ സമർപ്പിച്ചിരുന്നു. ആയതു പ്രകാരം 2016-2017 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എടയാറ്റുചാലിൽ കൃഷി ചെയ്യുകയും മെച്ചപ്പെട്ട വിളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട് എന്നും നിലവിൽ പാടശേഖരം തരിശായി കിടക്കുന്ന അവസ്ഥയിലാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഈ റിപ്പോർട്ട് പരിഗണിച്ച സമിതി നിലവിൽ എടയാറ്റുചാൽ പാടശേഖരം തരിശായി കിടക്കുന്നതിനുള്ള കാരണമെന്താണ് എന്ന് അധികവിവരമായി ആരാഞ്ഞിരുന്നു. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 17, 18, 19 വാർഡുകളിൽ സ്ഥിതി ചെയ്യുന്ന 255 ഏക്കർ എടയാറ്റുചാൽ പാടശേഖരത്തിൽ

2021-22 വർഷത്തിൽ 229 ഏക്കർ വിസ്തീർണത്തിൽ നെൽകൃഷി ചെയ്തിട്ടുള്ളതായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

റിപ്പോർട്ട് 2-8-2022-ലെ സമിതിയോഗം പരിഗണിച്ച് അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**3.പരിസ്ഥിതി സംബന്ധിച്ച സമിതി-കാസർഗോഡ് നീലേശ്വരം നഗരസഭയുടെ കീഴിലുള്ള ജി.എൽ.പി. സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിനായി നെൽവയലുകൾ നികത്തുന്നതിനുള്ള നീക്കം തടയണമെന്നാവശ്യപ്പെട്ട് ശ്രീ. ജിജു, ശ്രീ. കൃഷ്ണൻ എന്നിവർ സമർപ്പിച്ച നിവേദനം സംബന്ധിച്ച്**

(ഫയൽ നം. 5009/പരി.3/2019/നി.സെ.)

നിവേദനം റിപ്പോർട്ടിനായി തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, കൃഷി എന്നീ വകുപ്പുകൾക്കയച്ചു കൊടുക്കുകയും വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ വിവിധ സമിതിയോഗങ്ങളിൽ പരിഗണിക്കുകയും സമിതി നിർദ്ദേശാനുസരണം നിവേദകന് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉപേക്ഷിച്ചതായി ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിന്മേൽ നിവേദകൻ പരാതി ഉന്നയിക്കാത്ത സാഹചര്യത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു. നിവേദനത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

തദ്ദേശസ്വയംഭരണ വകുപ്പ്

നീലേശ്വരം ജി.എൽ.പി. സ്കൂളിന് തദ്ദേശസ്വയംഭരണ വകുപ്പ് പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ (പി) വകുപ്പ് 3-8-2018-ലെ സ.ഉ. (സാധാ.) നം. 2976/2018/പൊ.വി.വ. ഉത്തരവ് പ്രകാരം 287.71 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളതാണ്. പടിഞ്ഞാറ്റംകൊഴുവൽ നാഗച്ചേരിയിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീ.സ.നം. 35/8-ൽ 50 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുള്ളതും ആയത് നീലേശ്വരം മുനിസിപ്പൽ കൗൺസിലിന്റെ 14/05/2019 തീയതിയിലെ 22/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് ടി സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ അവസാനിപ്പിച്ചിട്ടുള്ളതും നിലവിൽ ജി.എൽ.പി. സ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തുതന്നെ നിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുള്ള തുമാണെന്ന് നീലേശ്വരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ വകുപ്പ്

ശ്രീ. ജിജു കെ. വി., ശ്രീ. പി. കൃഷ്ണൻ എന്നിവർ ബഹു. കേരള നിയമസഭ പരിസ്ഥിതി സംബന്ധിച്ച സമിതി (2019-20) മുമ്പാകെ സമർപ്പിച്ച ഹർജികളിൽ പരാമർശിക്കുന്ന, നീലേശ്വരം വില്ലേജിൽ റീ-സർവ്വേ നമ്പർ 35/8-ൽപ്പെടുന്ന, 50 സെന്റ് നെൽവയൽ നികത്തി കാസർഗോഡ് നീലേശ്വരം ഗവ. എൽ.പി. സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള യാതൊരു തീരുമാനവും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്ന വിവരം ബഹു. നിയമസഭ സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം പ്രസ്തുത സ്കൂളിന്റെ ക്രിയാത്മകമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി മുൻപ് സ്കൂൾ സ്ഥിതി ചെയ്തിരുന്ന കെട്ടിടം പൊളിച്ചുമാറ്റി തൽസ്ഥാനത്ത് (സർവ്വേ നമ്പർ :48/19 എ) പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന വിവരം കൂടി അറിയിക്കുന്നു.

## കൃഷി വകുപ്പ്

നീലേശ്വരം മുനിസിപ്പാലിറ്റിയിൽ നീലേശ്വരം വില്ലേജിൽപ്പെട്ട നാഗച്ചേരി മൂന്നുവിള വയലിൽ നീലേശ്വരം ഗവ. ജി.എൽ.പി. സ്കൂൾ പരാതിയിൽ പരാമർശിക്കുന്ന നാഗച്ചേരി വയൽ പ്രദേശം നീലേശ്വരം നഗരസഭയിൽപ്പെട്ട നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട പ്രദേശമാണ്. പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം 9.76 ഹെക്ടർ പ്രദേശം നെൽവയൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നു. പ്രാദേശിക അഭിപ്രായം തേടിയതിൽ പ്രസ്തുത വയൽ പ്രദേശത്തു വരുന്ന 35/8 സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന ഭൂമിയിൽ നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ശ്രീ. ഉണ്ണിരാജൻ നായർ എന്നയാളുടെ നിയന്ത്രണത്തിലുള്ള ഭൂമിയിൽ (ഉടമസ്ഥത/കൈവശം വ്യക്തമായി ലഭ്യമല്ല) നഗരസഭാ ജി.എൽ.പി. സ്കൂൾ മാറ്റി സ്ഥാപിക്കാൻ ആലോചനകൾ നടന്നിട്ടുള്ളതും പ്രാരംഭ നടപടികളുമായി മുന്നോട്ടു പോയതുമാണ്. എങ്കിലും പ്രാദേശിക എതിർപ്പിനെ തുടർന്നും, നിലവിൽ പ്രസ്തുത സ്ഥലത്ത് വെള്ളപ്പൊക്ക ഭീഷണി ഉള്ളതിനാലും പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതാണ്.

### 4. പരിസ്ഥിതി സംബന്ധിച്ച സമിതി-കഞ്ചിക്കോട് വ്യവസായമേഖല സൃഷ്ടിക്കുന്ന മലിനീകരണം സംബന്ധിച്ച് ശ്രീ. എം. വി. മനോഹരൻ സമർപ്പിച്ച നിവേദനം സംബന്ധിച്ച്

(ഫയൽ നം. 1763/പരി.3/2017/നി.സെ.)

ഭാരതപ്പുഴയിൽ ഒഴുകിയെത്തുന്ന കോരയാർ പുഴയുടെ തീരത്തുള്ള കഞ്ചിക്കോട് വ്യവസായ മേഖലയിൽ നിന്നും രാസമാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കിവിടുന്നുണ്ടെന്നും പുഴ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും രൂക്ഷമായ കുടിവെള്ളക്ഷാമവും വരൾച്ചയും അനുഭവപ്പെടുന്ന ഈ മേഖലയിൽ പെപ്സി പോലുള്ള കമ്പനികൾ

വലിയതോതിൽ ജലചൂഷണം നടത്തുന്നുണ്ടെന്നും ഇവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. എം. വി. മനോഹരൻ നിവേദനം സമർപ്പിച്ചിരുന്നത്.

നിവേദനം റിപ്പോർട്ടിനായി വ്യവസായം, ജലവിഭവം, പരിസ്ഥിതി, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകൾക്കയച്ചു കൊടുക്കുകയും വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും സമിതി നിർദ്ദേശപ്രകാരം നിവേദകന് അയച്ചുകൊടുക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുകയും ചെയ്തു. സർക്കാർ റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പരിസ്ഥിതി (ബി) വകുപ്പ്

കഞ്ചിക്കോട് വ്യവസായമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണ സംവിധാനങ്ങൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളുടെ മലിനീകരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ നിരവധി സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിൽ കാര്യക്ഷമമായ മലിനീകരണ സംവിധാനങ്ങൾ, sewage treatment plant ഉൾപ്പെടെ പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ ടി സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പുഴയിൽ നിന്ന് sludge അടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ചില സ്ഥാപനങ്ങൾ ഉല്പാദനം കുറച്ച് മലിനീകരണ തോത് കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചു. ശരിയായ നിലവാരം പാലിക്കാത്ത സ്ഥാപനങ്ങൾക്ക് ഉത്പാദന പ്രക്രിയ നിർത്തിവയ്ക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകുകയുണ്ടായി.

കഞ്ചിക്കോട് വ്യവസായമേഖലയിൽ ഏകദേശം 30 സ്റ്റീൽ യൂണിറ്റുകൾ സ്ഥിതി ചെയ്യുന്നു. ഇവയിൽ നിന്നും മലിനജലം പുഴയിലേയ്ക്കൊഴുകുന്നില്ല. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഈ മേഖലയിൽ നിരീക്ഷണം നടത്തി വരുന്നുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളിലും 2017 നവംബർ മാസത്തിൽ പരിശോധന നടത്തുകയും വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പല സ്ഥാപനങ്ങളും വായു മലിനീകരണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാറ്റങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളോടും continuous online stack monitoring data

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവ്വറുമായി ബന്ധിപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം ബഹു. സമിതിയെ അറിയിക്കുന്നു.

## തൊഴിലും നൈപുണ്യവും വകുപ്പ്

പാലക്കാട് കഞ്ചിക്കോട് വ്യാവസായിക മേഖലയിൽ ജില്ലാ മെഡിക്കൽ ഓഫീസുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും, വാസസ്ഥലങ്ങളിലും ആരോഗ്യം-ശുചിത്വം എന്നിവ സംബന്ധിച്ച് സ്ക്വാഡ് പരിശോധനകൾ നടത്തി വരുന്നുണ്ടെന്നും കൂടാതെ ടി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും, കഞ്ചിക്കോട് മേഖലയിലെ തൊഴിലാളികളുടെ പേരും മേൽവിലാസമടക്കമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നൽകാറുണ്ട് എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി മേഖലയിലെ മിക്ക സ്ഥാപനങ്ങളിലും ആവാസ് പദ്ധതി പ്രകാരമുള്ള സ്മാർട്ട് കാർഡുകൾ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും, തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ചും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ടെന്നും, ടി തൊഴിലാളികൾക്കായി കഞ്ചിക്കോട് അപ്നാഘർ എന്ന പേരിൽ ഫ്ലാറ്റ് സമുച്ചയത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ള വിവരവും സമിതി മുൻപാകെ സമർപ്പിക്കുന്നു.

റിപ്പോർട്ട് പരിഗണിച്ച സമിതി കേരളത്തിലുണ്ടായ പ്രളയ ദുരന്തത്തിനു ശേഷം പ്രസ്തുത പ്രദേശത്തിന്റെ സ്ഥിതി സംബന്ധിച്ച് അധികവിവരം ആരാഞ്ഞു.

## റവന്യൂ വകുപ്പ്

പാലക്കാട് ജില്ലയിലെ കോരയാർ പുഴയുടെ ഭാഗം വ്യവസായ വകുപ്പിന് കീഴിൽ വരുന്ന ന്യൂ ഇൻഡസ്ട്രിയൽ ഏര്യയിൽ വരുന്ന സ്ഥലമാണെന്നും വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ച സ്ഥലങ്ങൾ പഴയ സർവ്വെ നമ്പർ രേഖപ്പെടുത്തിയാണ് അനുവദിച്ചിരിക്കുന്നതെന്നും മേൽ സ്ഥലങ്ങൾ പഴയ സർവ്വെ നമ്പറിൽ ആയതിനാൽ ടി സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി താലൂക്ക് സർവ്വെയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് പരിഗണിച്ച സമിതി, കേരളത്തിലുണ്ടായ പ്രളയ ദുരന്തത്തിനു ശേഷം പ്രസ്തുത പ്രദേശത്തിന്റെ സ്ഥിതി സംബന്ധിച്ച അധികവിവരം ആരാഞ്ഞു. സമിതി ആരാഞ്ഞിരുന്ന അധിക വിവരത്തിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## റവന്യൂ വകുപ്പ് (അധിക വിവരം)

ജില്ലാ കളക്ടർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ പരാതിയിൽ പരാമർശിച്ചിരിക്കുന്ന കോരയാർ പുഴയുടെ ഭാഗം വ്യവസായ വകുപ്പിന് കീഴിൽ വരുന്ന ന്യൂ ഇൻഡസ്ട്രിയൽ ഏരിയയിൽ വരുന്ന സ്ഥലമാണ്. വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ച സ്ഥലങ്ങൾ പഴയ സർവ്വെ നമ്പർ രേഖപ്പെടുത്തിയാണ് അനുവദിച്ചിരിക്കുന്നത്. പഴയ സർവ്വെ നമ്പർ ആയതിനാൽ ടി സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി താലൂക്ക് സർവ്വെയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കോരയാർ പുഴയിലെ ജലമലിനീകരണം തടയുന്നതിനാവശ്യമായ നടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

## ജലവിഭവ (ഐ.ആർ.) വകുപ്പ്

കഞ്ചിക്കോട് വ്യവസായ മേഖലയിലൂടെ ഒഴുകുന്ന കോരയാർ പുഴ സംരക്ഷിക്കണമെന്നതാണ് പ്രധാന ആവശ്യം. കോരയാർപ്പുഴയിൽ ജലക്ഷാമം കുറയ്ക്കുന്നതിലേക്കായി പുതിയ തടയണകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ രണ്ട് സ്ഥലങ്ങൾ ജലവിഭവ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്.

1. നരസിംഹപുരത്തിന് കിഴക്കുവശം പാലമുത്തൻ കോവിലിന് സമീപം കോരയാറിനു കുറുകെ.

2. സത്രപ്പടിയിൽ കിഴക്കേമുറി (വാർഡ് XIV) ഭാഗത്തായി കോരയാറിനു കുറുകെ.

ഇതോടൊപ്പം BEML കമ്പനിയുടെ കിഴക്കു ഭാഗത്ത് കോരയാറിനു കുറുകെ സ്ഥിതി ചെയ്യുന്ന കാലപ്പഴക്കം കൊണ്ട് കേടുപാട് സംഭവിച്ച ചെക്ക് ഡാമിന്റെ അടിയന്തര അറ്റകുറ്റപ്പണികളും നിർവ്വഹിക്കാൻ കഴിഞ്ഞാൽ കോരയാർപ്പുഴയിൽ നിലവിലുള്ള നീരൊഴുക്ക് മെച്ചപ്പെടുത്താനും അതുവഴി മാലിന്യ ലഘൂകരണവും സാധ്യമാകും.

കഞ്ചിക്കോട് വ്യവസായമേഖലയിലെ സ്ഥാപനങ്ങളിൽ നിന്നും മലിനജലം ഒഴുകി വാളയാറിലെത്തുന്നു എന്നും മറ്റുമുള്ള 8-8-2017 തീയതിയിലെ പത്രവാർത്ത കണ്ടതിനെ തുടർന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസ് നടത്തിയ പരിശോധനയിൽ വ്യവസായ മേഖലയിലെ 'റബ്ഫില ഇന്റർ നാഷണൽ ലിമിറ്റഡ് ' എന്ന സ്ഥാപനത്തിൽ നിന്നും മലിനജലം പുഴയിലേക്ക് ഒഴുകുന്നതായി കണ്ടെത്തുകയും 10-8-2017 തീയതിയിൽ സ്ഥാപനത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. തുടർന്ന് സ്ഥാപനത്തിലെ ശുദ്ധീകരിച്ച മലിനജലം ബോർഡ് പരാമർശിച്ചിരിക്കുന്ന സ്റ്റാൻഡേർഡ് പാലിക്കാത്തതിനാൽ സ്ഥാപനത്തിലെ ഉത്പാദന പ്രക്രിയ നിർത്തിവയ്ക്കാൻ

23-9-2017 തീയതിയിൽ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം പുഴയുടെ തീരത്ത് നിന്നുമാറി പുതിയ മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാൻ രൂപരേഖ സമർപ്പിക്കുകയുണ്ടായി. 1-10-2017, 2-11-2017 തീയതികളിൽ ബോർഡ് നടത്തിയ പരിശോധനകളിൽ സ്ഥാപനം ഉത്പാദനം കുറച്ചതായും നിലവിലെ മലിനജല സംസ്കരണ പ്ലാന്റിൽ സംസ്കരിക്കുന്ന മലിനജലം സോക്ക് പിറ്റിലേക്ക് വിടാതെ താത്ക്കാലികമായി ശേഖരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിരുന്നതായും പുതിയ മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നതായും മലിനീകരണ നിയന്ത്രണ ബോർഡിന് ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. കൂടാതെ അന്നേ ദിവസത്തെ പരിശോധനയിൽ കോട്ടക്കൽ ആര്യവൈദ്യശാലയിലെ മലിനജല ശുദ്ധീകരണ പ്ലാന്റിൽ നിന്നും പൂർണ്ണമായും ശുദ്ധീകരിക്കാത്ത സ്ലഡ്ജ് (sludge) ഉൾപ്പെടെയുള്ള മലിനജലം സ്ഥാപനത്തിന്റെ പരിസരത്ത് ഒഴുക്കിവിട്ടതായി കണ്ടതിനാൽ സ്ഥാപനത്തിന് ഇത് സംബന്ധിച്ച് 10-8-2017 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ സ്ഥാപനത്തിലെ മലിനജല സംസ്കരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി സ്ഥാപനം റിപ്പോർട്ട് ചെയ്തു. കൈരളി സ്റ്റീൽസിൽ നിന്നുള്ള മലിനജലം പുഴയിലേക്കൊഴുകുന്നുവെന്ന പരാതിയിന്മേൽ 9-8-2017 തീയതിയിൽ പരിശോധന നടത്തി സ്ഥാപനത്തിലെ തൊഴിലാളികളുടെ താമസസ്ഥലത്തു നിന്നുമുള്ള മലിനജലം ഒഴുക്കുന്നത് സംബന്ധിച്ച് 10-8-2017 തീയതിയിൽ നോട്ടീസ് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചതായി മലിനീകരണ നിയന്ത്രണ ബോർഡിന് ബോധ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

യുണൈറ്റഡ് ബ്രീവറീസിൽ ബോർഡ് 10-10-2017 തീയതിയിൽ നടത്തിയ പരിശോധനയിൽ, സ്ഥാപനത്തിൽ നിന്നുള്ള മലിനജലം പരിസരത്ത് കെട്ടി നിൽക്കുന്നതായും മഴവെള്ളത്തോടൊപ്പം പുഴയിലേക്ക് ഒഴുകിയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് 11-10-2017 തീയതിയിൽ മലിനജല സംസ്കരണ പ്ലാന്റിലെ അപാകതകൾ പരിഹരിക്കുവാനും പുഴയിൽ നിന്നുൾപ്പെടെയുള്ള സ്ലഡ്ജ് (sludge) നീക്കം ചെയ്യുവാനും നിർദ്ദേശം നൽകി. 11-10-2017, 23-10-2017 തീയതികളിൽ നടത്തിയ പരിശോധനകളിൽ സ്ഥാപനം ബോർഡിന്റെ നിർദ്ദേശം പാലിച്ചതായി ബോധ്യപ്പെട്ടു. നിലവിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഒരു സ്ഥാപനത്തിനും ശുദ്ധീകരിച്ച പാഴ്ജലം പോലും കോരയാർ പുഴയിലേക്കൊഴുക്കുവാൻ അനുമതി നല്കിയിട്ടില്ലാത്തതാകുന്നു. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏകദേശം 30 സ്റ്റീൽ യൂണിറ്റുകൾ സ്ഥിതി ചെയ്യുന്നു. ഇവയിൽ നിന്നും മലിനജലം പുഴയിലേയ്ക്കൊഴുക്കുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡ് ഈ മേഖലയിൽ ജാഗ്രതയോടെ സർവെയ്‌ലൻസ് നടത്തിവരുന്നതായും അറിയിച്ചിരുന്നു.

കോരയാർ പുഴയുടെ ഇരുകരയുടെയും ബണ്ടുകൾ കയ്യേറി മതിൽ നിർമ്മിച്ചത് സംബന്ധിച്ച പരാതിയിന്മേൽ തുടർനടപടിക്കായി റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് പരാതിയുടെ പകർപ്പ് കൈമാറിയിട്ടുണ്ട്. പെപ്സി കമ്പനിയുടെ ഭൂജലചൂഷണം സംബന്ധിച്ച് ജലവിഭവ (ഭൂജല) വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.

## ജലവിഭവ (ഭൂജല) വകുപ്പ് (അധിക വിവരം)

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന പെപ്സികോ ഇന്ത്യ ഹോൾഡിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കുഴൽ കിണറുകളിൽ നിന്നും പ്രതിദിനം 5.5 ലക്ഷം മുതൽ 6 ലക്ഷം ലിറ്റർ വരെ ഭൂജലം എടുത്തു വന്നിരുന്നു. കമ്പനിയുടെ ജലചൂഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 18-4-2007-ൽ ചേർന്ന നിയമസഭ ഉപസമിതിയുടെ നിർദ്ദേശ പ്രകാരം ഭൂജല വകുപ്പ് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഉപഭോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്നും ഇത് പരിശോധിക്കുന്നതിനായി SCADA (Supervisory Control and Data Acquisition) സംവിധാനം ഏർപ്പെടുത്തണമെന്ന് ഉപസമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 26/02/2011-ലെ G.O.(MS)No.13/2011/WRD പ്രകാരം കമ്പനിയ്ക്ക് പ്രതിദിന ഭൂജല ഉപയോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശം നൽകി. ഇതിനെതിരെ കമ്പനി ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും നിലവിലെ സ്ഥിതി തുടരുവാൻ ഹൈക്കോടതിയിൽ നിന്നും ഇടക്കാല ഉത്തരവ് കമ്പനി നേടുകയും ആയതു പ്രകാരം പ്രതിദിനം പരമാവധി 6 ലക്ഷം ലിറ്റർ വരെ ഭൂജല ഉപയോഗം നടത്തുവാൻ അനുമതി സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത കേസ് ഇപ്പോഴും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. കമ്പനിയുടെ പ്രതിദിന ജല ഉപഭോഗം ഭൂജല വകുപ്പ് നിരീക്ഷിച്ചു വരുന്നു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ 31/10/2016 തീയതിയിലെ കേരള ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ.) വകുപ്പ് പരിപത്രം നമ്പർ 42830/K3/2016/DMD, ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് ചെയർമാന്റെ 30-1-2017 തീയതിയിലെ J5-2014/20799/9 നമ്പർ നടപടി ക്രമം എന്നീ തീരുമാനങ്ങൾ പ്രകാരം വെള്ളം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ജല ഉപഭോഗം 75% കുറയ്ക്കുന്നതിനു വേണ്ടി നിർദ്ദേശം നൽകിയിരുന്നു.

സംസ്ഥാനത്ത് ഭൂജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള നിർമ്മാണ കമ്പനികൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും നിരാക്ഷേപ പത്രം നൽകുന്നത് കേരള സംസ്ഥാന ഭൂജല അതോറിറ്റിയാണ്. 3-11-2017-ൽ നടന്ന 28-ാമത് സംസ്ഥാന ഭൂജല അതോറിറ്റി മീറ്റിംഗിൽ ചില സ്ഥാപനങ്ങൾ അതോറിറ്റിയുടെ നിരാക്ഷേപ പത്രം ഇല്ലാതെ

പ്രവർത്തിക്കുന്നത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ആയത് തദ്ദേശസ്വയംഭരണ സെക്രട്ടറിയെ അറിയിക്കുകയും അത് പ്രകാരം ഭൂജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യാവസായിക യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ അനുവദിച്ചിട്ടുള്ള ലൈസൻസ് പുതുക്കി നൽകുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണെന്നുള്ള പരിപത്രം (12-3-2018-ാം തീയതിയിലെ ആർ.സി4/244/2014/ത.സ്വ.ഭ.വ.) തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യാവസായിക സ്ഥാപനങ്ങളുടെ അനുമതി പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി പാലക്കാട് ജില്ലയിൽ ഒരു പമ്പിംഗ് ടെസ്റ്റ് യൂണിറ്റ് വാങ്ങുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

## ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്

പുതുശ്ശേരി ഗ്രാമ പഞ്ചായത്തിൽ നിലവിൽ 23 വാർഡുകളാണ് ഉള്ളത്. ഇതിൽ 1 മുതൽ 19 വരെയുള്ള വാർഡുകളിലൂടെയാണ് കോരയാർപ്പുഴ ഒഴുകുന്നത്. പ്രധാനമായ എല്ലാ വ്യവസായ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത് 13, 14, 15 & 16 വാർഡുകളിലായാണ്. കോരയാർ പുഴയോരത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും പുറന്തേയ്ക്ക് ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ മൂലം മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതായും പുഴയിൽ കുളിക്കുന്നവർക്ക് ചൊറിച്ചിൽ അനുഭവപ്പെടുന്നതായും പരാതിയിൽ പറയുന്നു. കൂടാതെ ഇരുമ്പുരുക്ക് കമ്പനികൾമൂലം ഉണ്ടാവുന്ന വായു മലിനീകരണം പ്രദേശത്തെ ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും പരാതിയിൽ പറയുന്നു. എന്നാൽ ഈ പ്രദേശങ്ങളിൽ ഗൃഹ സന്ദർശന വേളയിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി പരിസര ശുചിത്വം, പകർച്ചവ്യാധി നിയന്ത്രണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുകയും ഇവർക്കായി ആരോഗ്യ പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു എന്നും ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് സമിതി അംഗീകരിക്കുകയും കൂടാതെ കോരയാർ പുഴയുടെ സമീപത്ത് പ്രവർത്തിക്കുന്ന കമ്പനികൾ ഏതെല്ലാം, അവിടെ എന്തെല്ലാം വ്യവസായങ്ങളാണ് പ്രവർത്തിക്കുന്നത്, പുഴയുടെ തീരത്തെ കമ്പനികൾക്ക് മാലിന്യം പുഴയിലെത്താതെ സംസ്കരിക്കാൻ കൃത്യമായ സംവിധാനം ഉണ്ടോ, പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ, മലിനീകരണം ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് എന്നിവ സംബന്ധിച്ച് വിശദവും കൃത്യവുമായ റിപ്പോർട്ട് വ്യവസായം, പരിസ്ഥിതി (മലിനീകരണ നിയന്ത്രണ ബോർഡ്), ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളോട് ആരായുകയും ചെയ്തു.

സമിതി ആരാഞ്ഞിരുന്ന അധിക വിവരത്തിന് റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## റവന്യൂ വകുപ്പ് (അധിക വിവരം)

പരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. എം. വി. മനോഹരൻ സമർപ്പിച്ച ഹർജിയിലെ പുഴയുടെ സ്ഥലം കയ്യേറുന്നുവെന്നും പുഴ മലിനമാക്കുന്നുവെന്നുമുള്ള ആരോപണം പരിശോധിച്ച് പാലക്കാട് ജില്ലയിലെ കോരയാർ പുഴയുടെ തീരത്തുള്ള കയ്യേറ്റം നിർണ്ണയിക്കുന്നതിനുള്ള സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ് എന്നും ആയത് ദ്രുതഗതിയിലാക്കുന്നതിനായി ആധുനിക ഉപകരണങ്ങളും, കൂടുതൽ സർവ്വെയർമാരുടെ സേവനവും ലഭ്യമാക്കി കയ്യേറ്റ നിർണ്ണയം പൂർത്തിയാക്കി കയ്യേറ്റം ഉടൻ ഒഴിപ്പിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും കൂടാതെ പുഴയിലെ മലിനീകരണം തടയുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## തദ്ദേശസ്വയംഭരണ വകുപ്പ്

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലൂടെ 20 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന കോരയാർ പുഴയോരത്ത് കഞ്ചിക്കോട് വ്യവസായ മേഖലയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. പാരഗൺ സ്റ്റീൽസ് - 1
2. പാരഗൺ സ്റ്റീൽസ് - 1
3. എസ്. എം. എം. സ്റ്റീൽസ്
4. റബ്ഫില്ല ഇന്റർനാഷണൽ ലിമിറ്റഡ്
5. സെയിന്റ് ഗോബൻ
6. യുണൈറ്റഡ് ബിവറേജസ്
7. അഗസ്റ്റിൻ ടെക്സ്റ്റൈൽ കളറേഴ്സ്
8. പ്യാരിലാൽ ഫോംസ്
9. വരുൺ ബിവറേജസ് (പെപ്സികോ)
10. കൈരളി സ്റ്റീൽ

11. ശാസ്താ സ്റ്റീൽ

12. രാജേശ്വരി എന്റർപ്രൈസസ്

13. കെ.പി.എം. ബിൽഡിംഗ്

14. മലബാർ ഹോട്ടൽ

15. കോട്ടക്കൽ ആര്യവൈദ്യശാല

കഞ്ചിക്കോട് വ്യവസായ മേഖലയിലെ സ്ഥാപനങ്ങളിൽ നിന്നും മലിന ജലം ഒഴുകി വാളയാറിൽ എത്തുന്നതായും ഈ വെള്ളം കുടിച്ച് ആടുകൾക്ക് ജീവഹാനി സംഭവിച്ചതായുമുള്ള 8-8-2017-ലെ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ്, പാലക്കാട് ജില്ലാ ഓഫീസിൽനിന്നും ഈ പ്രദേശത്ത് പരിശോധന നടത്തുകയും പരിശോധനയിൽ വ്യവസായ മേഖലയിലെ റബ്ഫില്ല ഇന്റർനാഷണൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മലിനജലം പുഴയിലേക്ക് ഒഴുകുന്നതായി കണ്ടെത്തുകയും സ്ഥാപനത്തിന് കാരണംകാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് സ്ഥാപനത്തിലെ ശുദ്ധീകരിച്ച ജലം ബോർഡ് പരാമർശിച്ചിരിക്കുന്ന നിലവാരം പാലിക്കാത്തതിനാൽ സ്ഥാപനത്തിലെ ഉല്പാദനപ്രക്രിയ നിർത്തിവെക്കാൻ 23-9-2017-ന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിർദേശം നൽകിയിരുന്നു. നിലവിൽ യൂണിറ്റിൽ നിന്നും ഉണ്ടാകുന്ന മലിനജലം സംസ്കരിക്കുന്നതിനായി യൂണിറ്റിൽ തന്നെ മതിയായ കപ്പാസിറ്റിയിൽ എസ്.റ്റി.പി. (Sewage Treatment Plant) നിർമ്മിച്ചിട്ടുണ്ടെന്നും ആയതു കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും നിലവിൽ യൂണിറ്റിൽ നിന്നും യാതൊരുവിധ മാലിന്യവും പുറത്തേക്ക് ഒഴുക്കിവിടുന്നില്ലെന്ന് ഉറപ്പുവരുത്തി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 30-6-2023 വരെ കാലാവധിയുള്ള പ്രവർത്തനാനുമതി പ്രസ്തുത യൂണിറ്റിന് നൽകിയിട്ടുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ മലിനജല ശുദ്ധീകരണ പ്ലാന്റിൽ നിന്നും പൂർണമായും ശുദ്ധീകരിക്കാത്ത sludge ഉൾപ്പെടെയുള്ള മലിനജലം സ്ഥാപനത്തിന്റെ പരിസരത്ത് ഒഴുക്കിവിട്ടതായി കാണപ്പെട്ടതിനെ തുടർന്ന് ഇത് സംബന്ധിച്ച് 10-8-2017-ൽ പ്രസ്തുത സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കാരണംകാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

കൈരളി സ്റ്റീൽസ് എന്ന സ്ഥാപനത്തിൽ നിന്നുള്ള മലിനജലം പുഴയിലേക്ക് ഒഴുക്കിവിടുന്നുവെന്ന പരാതിയിൽ സ്ഥാപനത്തിൽ പരിശോധന നടത്തുകയും

സ്ഥാപനത്തിലെ തൊഴിലാളികളുടെ താമസസ്ഥലത്തു നിന്നുള്ള മലിനജലം ഒഴുക്കുന്നത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്ഥാപനത്തിന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. നിലവിൽ തൊഴിലാളികളുടെ താമസസ്ഥലത്തു നിന്നുമുള്ള മലിനജലം എസ്.റ്റി.പി.-യിലൂടെ ട്രീറ്റ് ചെയ്ത് ആയതിന്റെ ഗുണനിലവാരം ബോർഡ് നിഷ്കർഷിക്കുന്ന തരത്തിലാണെന്ന് ഉറപ്പാക്കിമാത്രമാണ് പുഴയിലേക്ക് ഒഴുക്കിവിടുന്നതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

യുണൈറ്റഡ് ബ്രീവറീസിൽ മലിനീകരണ നിയന്ത്രണ ബോർഡ് 10-10-2017-ൽ നടത്തിയ പരിശോധനയിൽ സ്ഥാപനത്തിൽ നിന്നുള്ള മലിനജലം പരിസരത്ത് കെട്ടിനിൽക്കുന്നതായും മഴവെള്ളത്തോടൊപ്പം പുഴയിലേക്ക് ഒഴുക്കിവിടുന്നതായും കണ്ടെത്തിയതിനെത്തുടർന്ന് മലിനജല സംസ്കരണ പ്ലാന്റിലെ അപാകതകൾ പരിഹരിക്കുവാനും പുഴയിൽനിന്നുൾപ്പെടെ sludge നീക്കം ചെയ്യുവാനും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനകളിൽ സ്ഥാപനം ബോർഡിന്റെ നിർദ്ദേശം പാലിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നു മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏകദേശം 30 സ്റ്റീൽ യൂണിറ്റുകൾ സ്ഥിതിചെയ്യുന്നുണ്ടെന്നും ഇവയിൽ നിന്നും മലിനജലം പുഴയിലേക്ക് ഒഴുക്കുന്നില്ലെന്നും എല്ലാ സ്ഥാപനങ്ങളിലും 2017 നവംബർ മാസത്തിൽ പരിശോധന നടത്തുകയും വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു നിർദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും എല്ലാ സ്ഥാപനങ്ങളും വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള മാറ്റങ്ങൾ നടത്തിവരുന്നതായി ജില്ലാ കാര്യാലയത്തിൽ നിന്നും പരിശോധിച്ച് ഉറപ്പുവരുത്തി വരുന്നതായും എല്ലാ സ്ഥാപനങ്ങളോടും continuous online stack monitoring data ബോർഡിന്റെ സർവറുമായി ബന്ധിപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും കൂടാതെ ഈ മേഖലയിൽ മലിനീകരണ നിയന്ത്രണബോർഡ് തുടർച്ചയായി നിരീക്ഷണം നടത്തിവരുന്നുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

16-8-2019-ൽ നടന്ന പരിസ്ഥിതി സംബന്ധിച്ച നിയമസഭാ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ നിർദേശിച്ചതനുസരിച്ച് ഖര മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി കാര്യക്ഷമമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആയതിന്റെ വിശദാംശങ്ങൾ പഞ്ചായത്തിൽ സമർപ്പിക്കുന്നതിനും മേൽപരാമർശിച്ച സ്ഥാപനമേധാവികൾക്ക് പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും നിർദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെല്ലാം ഫലപ്രദമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ രേഖാമൂലം സമർപ്പിച്ചിട്ടുണ്ടെന്ന് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തൊഴിലും നൈപുണ്യവും വകുപ്പ് (അധിക വിവരം)

കഞ്ചിക്കോട് വ്യവസായ മേഖലയിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും, വാസസ്ഥലങ്ങളിലും ആരോഗ്യം, ശുചിത്വം എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പ് പരിശോധനകൾ നടത്തുകയും പ്രസ്തുത തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പും, ബോധവത്കരണ പരിപാടികളും 2018-19 വർഷത്തിൽ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ എല്ലാ തൊഴിലാളികൾക്കും 'ആവാസ് ' പദ്ധതി പ്രകാരമുള്ള ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ വിതരണം നടത്തിവരുന്നതായും ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരമുള്ള പരിശോധനകൾ മുഖേന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതായും ടി തൊഴിലാളികൾക്ക് താമസിക്കുന്നതിനായി അപ്നാഘർ എന്ന പേരിൽ 4 നിലകളുള്ള ഫ്ലാറ്റ് സമുച്ചയം ഒരുക്കിയിട്ടുള്ളതായും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമികാരോഗ്യ കേന്ദ്രം മുഖേന പകർച്ച വ്യാധികൾ തടയുന്നതുമായി ബന്ധപ്പെട്ട ആരോഗ്യ പരിശോധനാ ക്യാമ്പുകൾ നടത്തുന്നതായും കഞ്ചിക്കോട് മേഖലയിൽ ആവാസ് രജിസ്ട്രേഷനും, അതുവഴി തൊഴിലാളികൾക്ക് ലഭിക്കുന്ന ചികിത്സാ പദ്ധതികളും മറ്റ് ആനുകൂല്യങ്ങളെ സംബന്ധിച്ചും തൊഴിലാളികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആരോഗ്യകുടുംബക്ഷേമ വകുപ്പ് (അധികവിവരം)

കോരയാർ പുഴയുടെ തീരത്തെ മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. എം. വി. മനോഹരൻ പരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ ഈ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് കോരയാർ പുഴയുടെ സമീപത്ത് പ്രവർത്തിക്കുന്ന കമ്പനികൾ ഏതെല്ലാം, അവിടെ എന്തെല്ലാം വ്യവസായങ്ങളാണ് പ്രവർത്തിക്കുന്നത്, മാലിന്യം പുഴയിലെത്താതെ സംസ്കരിക്കാൻ കൃത്യമായ സംവിധാനം പുഴയുടെ തീരത്തെ കമ്പനികൾ ആവിഷ്കരിച്ചിട്ടുണ്ടോ, പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ, മലിനീകരണം ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് എന്നിവ സംബന്ധിച്ച് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുകൂടിയുള്ള വിവരങ്ങൾ ശേഖരിച്ച് വിശദവും കൃത്യവുമായ റിപ്പോർട്ട് സമിതി ആരാഞ്ഞതിനെ തുടർന്ന് ആരോഗ്യ വകുപ്പിന് കീഴിൽ പ്രസ്തുത വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന സ്ഥാപനങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ആയതിൻ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

കോരയാർ പുഴയുടെ സമീപത്ത് പ്രവർത്തിക്കുന്ന 'റബ്ഫില്ല ഇന്റർനാഷണൽ ലിമിറ്റഡ്' എന്ന യൂണിറ്റിൽ നിന്നും മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി പരാമർശിച്ചിരുന്നു. എന്നാൽ നിലവിൽ യൂണിറ്റിൽ നിന്നും ഉണ്ടാകുന്ന മലിനജലം സംസ്കരിക്കുന്നതിനായി യൂണിറ്റിൽ തന്നെ മതിയായ കപ്പാസിറ്റിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്. ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ യൂണിറ്റിൽ നിന്നും യാതൊരു വിധ മാലിന്യവും പുറത്തേക്ക് ഒഴുക്കിവിടുന്നില്ല എന്നത് ഉറപ്പുവരുത്തി ബോർഡിൽ നിന്നും 30-6-2023 വരെ കാലാവധിയുള്ള പ്രവർത്തനാനുമതിയും ടി യൂണിറ്റിന് നൽകിയിട്ടുണ്ട്.

